യുവജന കമ്മീഷൻ ചെയർപെഴ്സന്റെ സേവന വ്യവസ്ഥകൾ / ശമ്പളാനുകൂല്യങ്ങൾ സംബന്ധിച്ച കരട് തയ്യാറാക്കിയതിനു ശേഷം ഉചിതമായ തീരുമാനത്തിനായി ധന വകുപ്പിലേക്ക് ഫയൽ അയയ്ക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യ ജോയിന്റ് സെക്രട്ടറി

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

**24/05/2017 12:49 PM**

**SHEEJA.P.K**
**(SO(EDN B, FIN))**



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

## Note #19

**24/05/2017 3:33 PM**

**PADMAKUMARI.S**
**(SO (B) SYA)**

## Note #20

**27/05/2017 12:52 PM**

**H SUNI**
**(SG-ASST (B2) SYA)**

## Note #21

**27/05/2017 12:54 PM**

**MANJU S**
**(JS (B) SYA)**

## Note #22

മുൻ ഖണ്ഡികയിലെ കുറിപ്പുകളും കേരള യുവജനകമ്മീഷൻ ആക്ടിലെ വകുപ്പ് 4(8)) കമ്മീഷൻ ചെയർമാന് 50,000/- രൂപ നിരക്കിൽ ഒരു കൺസോളിഡേറ്റഡ് തുക നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. സേവന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആയതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ കണ്ടാലും.

"യുവജന കമ്മീഷൻ ചെയർപെഴ്സന്റെ സേവന വ്യവസ്ഥകൾ / ശമ്പളാനുകൂല്യങ്ങൾ സംബന്ധിച്ച കരട് തയ്യാറാക്കിയതിനു ശേഷം ഉചിതമായ തീരുമാനത്തിനായി ധന വകുപ്പിലേക്ക് ഫയൽ അയയ്ക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു . "

യുവജന കമ്മീഷൻ ചെയർപെഴ്സന്റെ സേവന വ്യവസ്ഥകൾ / ശമ്പളാനുകൂല്യങ്ങൾ സംബന്ധിച്ച കരട് ലഭ്യമാക്കാൻ യുവജന കമ്മീഷനോട് അഭ്യർത്ഥിക്കാവുന്നതാണ്. ഉത്തരവിന് വിധേയമായി കരട് കത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**27/05/2017 2:53 PM**

**H SUNI**
**(SG-ASST (B2) SYA)**



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

## Note #23

**27/05/2017 3:01 PM**

**PADMAKUMARI.S**
**(SO (B) SYA)**

## Note #24

**27/05/2017 3:32 PM**

**MANJU S**
**(JS (B) SYA)**

## Note #25

**30/05/2017 12:52 PM**

**PADMAKUMARI.S**
**(SO (B) SYA)**

## Note #26

**25/07/2017 12:04 PM**

**H SUNI**
**(SG-ASST (B2) SYA)**

## Note #27

കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന ഫയലാണിത്. 06/01/17 ലെ സ.ഉ(സാധാ)3/2017/കാ.യു.വ നം. ഉത്തരവ് പ്രകാരം 50,000/- രൂപ അഡ്വാൻസ് ശമ്പളവും 2500/- രൂപ വീട്ടുവാടകയുമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള വിവിധ കമ്മീഷനുകളുടെ പദവിയും ശമ്പളവും നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിനായി രൂപീകൃതമായ ശ്രീ . ആ**ർ** . നാരായണ**ൻ** കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് എങ്കിലും ആയത് ക്യാബിനറ്റിൽ വെച്ച്



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

അംഗീകരിച്ചിട്ടില്ലാത്തതിനാൽ , യുവജന കമ്മീഷൻ ചെയർപെഴ്സന്റെ സേവന വ്യവസ്ഥകൾ / ശമ്പളാനുകൂല്യങ്ങൾ സംബന്ധിച്ച കരട് തയ്യാറാക്കിയതിനു ശേഷം ഉചിതമായ തീരുമാനത്തിനായി ധന വകുപ്പിലേക്ക് ഫയൽ അയയ്ക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു.

പ്രത്യേക വിഭാഗങ്ങൾക്കായി സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള വിവിധ കമ്മീഷനുകളുടെ ചെയർമാനും അംഗങ്ങൾക്കും വ്യത്യസ്ത പദവികളാണ് സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. വനിതാ കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് കാബിനറ്റ് പദവിയും അതുപ്രകാരമുള്ള ആനുകൂല്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. വനിതാ കമ്മീഷനിലെ അംഗങ്ങൾക്കാകട്ടെ ഡെപ്യൂട്ടി സ്പീക്കർക്ക് തുല്യമായ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാന് ചീഫ് സെക്രട്ടറിയുടെ പദവിയും, അംഗങ്ങൾക്ക് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയും ആനുകൂല്യങ്ങളുമാണ് അനുവദിച്ചിരിക്കുന്നത്. ബാലാവകാശ കമ്മീഷൻ ചെയർപേഴ്സണും അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പദവിയും ആനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ട്.

കേരള യുവജനകമ്മീഷൻ ആക്ട് 2014ലെ വകുപ്പ് 4(8) കമ്മീഷൻ ചെയർമാന് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയുള്ള മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കേണ്ടതാണെന്നും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ശമ്പളവും ബത്തകളും നൽകേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പി.എസ്.സി യുടെ നിയമന നടപടികൾ പാലിച്ചിട്ടുള്ള നിയമനം അല്ലാത്തതിനാൽ ചെയർമാൻ തസ്തികയ്ക്ക് ശമ്പള സ്കെയിൽ നിർണ്ണയിക്കാൻ നിർവ്വാഹമില്ല. സമാന രീതിയിലുള്ള മറ്റ് കമ്മീഷനുകളിൽ ഇതേ തസ്തികയ്ക്ക് പേ സ്കെയിൽ ഇല്ല. ഓണറേറിയമാണ് നൽകിയിരിക്കുന്നത്. ആയതിനാൽ യുവജന കമ്മീഷനിലെ ചെയർപേഴ്സണ് ഓണറേറിയം അനുവദിച്ച് നൽകാവുന്നതാണ്. ബാലാവകാശ കമ്മീഷനിൽ നിലവിലെ ചെയർപേഴ്സണെ പുനർ നിയമന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ടിയാൾക്ക് പുനർ നിയമന വ്യവസ്ഥയിൽ ജി.ഒ.(എം.എസ്)നം.10/2016/എസ്.ജെ.ഡി തീയതി 01.02.2016 പ്രകാരം (അറ്റാച്ച്മെന്റിൽ കണ്ടാലും) നൽകി വരുന്ന വേതനം യുവജന കമ്മീഷൻ ചെയർപേഴ്സണ് നൽകാൻ നിർവ്വാഹമില്ല. വനിതാ കമ്മീഷനിലെ ചെയർപേഴ്സണ് ജി.ഒ(എം.എസ്) നം.86/2013/എസ്.ജെ.ഡി തീയതി 19.10.2013 പ്രകാരം 60,000/- രൂപ ഓണറേറിയമാണ് അനുവദിച്ചിട്ടുള്ളത്. (അറ്റാച്ച്മെന്റിൽ കണ്ടാലും)

ഈ സാഹചര്യത്തിൽ യുവജനകമ്മീഷൻ ചെയർപേഴ്സണ് 60000/- രൂപ ഓണറേറിയമായും 06.01.2017 ലെ സ.ഉ(സാധാ) 3/2017 കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള അലവൻസുകളും നൽകാവുന്നതാണ്. കൂടാതെ, 2014 ലെ യുവജന കമ്മീഷൻ ആക്ട് ചട്ടം 4(8) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയും നൽകാവുന്നതാണ്.

കുറിപ്പ് 18 ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം മേൽ ഖണ്ഡികയിലെ അഭിപ്രായത്തിനും തീരുമാനത്തിനുമായി ഫയൽ ധനകാര്യ വകുപ്പിന് അയയ്ക്കാവുന്നതാണ്.

**25/07/2017 4:03 PM**

**PADMAKUMARI.S**
**(SO (B) SYA)**



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

## Note #28

**25/07/2017 5:26 PM**

**PRADEEP MATHEW PAUL**
**(US (B) SYA)**

## Note #29

Pl. attach the GO(Rt) No. 3/2017/SYA dtd 06/01/2017

**26/07/2017 12:08 PM**

**MINIMOL T**
**(JS (B) SYA)**

## Note #30

മേൽ ഖണ്ഡികയിലെ ഉത്തരവിൻ പ്രകാരം സഉ (സാധാ)നം. 3/2017/കായുവ നമ്പർ ഉത്തരവ് അറ്റാച്ച്മെന്റിൽ കണ്ടാലും.

**26/07/2017 1:45 PM**

**H SUNI**
**(SG-ASST (B2) SYA)**

## Note #31

**മേൽ** കുറിപ്പുക**ൾ.** യുവജനകമ്മീഷൻ ചെയർപേഴ്സണ് 60000/- രൂപ ഓണറേറിയമായും 06.01.2017 ലെ സ.ഉ(സാധാ) 3/2017 കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള അലവൻസുകളും നൽകാവുന്നതാണ്. കൂടാതെ, 2014 ലെ യുവജന കമ്മീഷൻ ആക്ട് വകുപ്പ് 4(8) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയും നൽകാവുന്നതാണ്.

കുറിപ്പ് 18 ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം ഇക്കാര്യത്തി**ൽ** അഭിപ്രായത്തിനും തീരുമാനത്തിനുമായി ഫയൽ ധനകാര്യ വകുപ്പിന് അയയ്ക്കാവുന്നതാണ്.

**26/07/2017 2:55 PM**

**MINIMOL T**
**(JS (A) SYA)**

## Note #32

ബഹു . വനിത കമ്മീഷൻ ചെയർപേഴ്സൺ ക്യാബിനറ്റ് റാങ്ക് ഉള്ളതിനാൽ 60000 രൂപ ശമ്പളം
ആ നിരക്കിൽ കണക്കാക്കാം. മറ്റു സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്.
എന്നാൽ ക്യാബിനെറ്റ് റാങ്ക് ഇവിടെ പ്രസക്തമല്ല. ആക്ടിലെ വകുപ്പ് 4 (8 ) അനുസരിച്ച



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

ഗവർമെന്റ് സെക്രട്ടറിയുടെ പദവിയും
അതിനാൽ തന്നെ സേവന നിരക്കുകൾക്കും നിയമിതക്ക് അവകാശം ഉണ്ട്.
എന്നാൽ ഗവർമെന്റ് സെക്രട്ടറിയുടെ കേന്ദ്ര നിരക്കിലെ ശമ്പളം ഒരു സംസ്ഥാന നിയമത്തിൻകീഴിലെ
പദവിയിൽ നൽകുന്നതിനേക്കാൾ സംസ്ഥാന സർക്കാരിലെ ഏറ്റവും ഉയർന്ന സ്കെയിൽ ( സ്പെഷ്യൽ സെക്രട്ടറി)
Rs 93000 -120000 ഇനോട് സമപ്പെടുത്താവുന്ന Rs 90000 (ninety thousand ) കോൺസിലിഡേറ്റഡ് ശമ്പളം ആയും ഇതര സൗകര്യങ്ങൾ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മീഷൻ ചെയര്‌പേഴ്സണിന്റെഉം (DA, HRA etc)നൽകാവുന്നതാണ്. നിയമിതയ്ക്കു ഈ നിരക്ക് പര്യാപ്തമായിരിക്കും.
ബഹു ധനമന്ത്രിയുടെ പരിഗണയ്ക്കു വിടാവുന്നതാണ്.

**27/07/2017 4:27 PM**

**DR.B.ASHOK IAS**
**(SECY (SPORTS))**

## Note #33

Minister (Finance) may please see

**10/08/2017 8:15 PM**

**A.C. MOIDEEN**
**(M (IND,TEXTILES,S&YA))**

## Note #34

ACS (Fin) Please see.

**10/08/2017 8:40 PM**

**T M THOMAS ISAAC**
**(FM-FIN)**

## Note #35

Pl examine quickly

**11/08/2017 10:19 AM**

**BISHWANATH SINHA IAS**
**(PRL SECY (FE) FIN)**

## Note #36


Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

**11/08/2017 11:38 AM**

**S.V KALA**
**(AS (PU-A,FIN))**

## Note #37

Open our R/F and put up urgently.

**11/08/2017 12:08 PM**

**JAMES JOSEPH**
**(AS(EDN C,FIN))**

## Note #38

**11/08/2017 12:10 PM**

**SHEEJA.P.K**
**(SO(EDN B, FIN))**



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

File No. SYA-B2/121/2018-SYA

# Govt. of Kerala

Kerala

FIN

Finance Edn B

## SUBJECT

| | | |
|---|---|---|
| Main Category | : | |
| Sub Category | : | |
| Description | : | KSYC- chairpersons's salary |

## OTHER DETAILS

| | | |
|---|---|---|
| Retention | : | |
| Priority | : | |
| Confidentiality | : | |
| Remarks | : | |



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ

വികാസ് ഭവൻ തിരുവനന്തപുരം- 695003
ഫോൺ 0471 2308630 ഫാക്സ് 0471 2308530

സെക്രട്ടറി

698/എ2/2018/കേ.സം.യു.ക

06.06.2018

സെക്രട്ടറി
കായിക യുവജന കാര്യ വകുപ്പ്

സർ,

വിഷയം: കേരള സംസ്ഥാന യുവജന കമ്മീഷൻ- ചെയർപേഴ്സന്റെ ശമ്പള കുടിശ്ശിക സംബന്ധിച്ച്

സൂചന: 1) സ.ഉ.(സാധാ)നം.209/2016/കായുവ തീയതി 04.10.2016
2) 06.01.2017 ലെ സ.ഉ.(സാധാ) 3/2017/കായുവ
3) 26.05.2018 ലെ സ.ഉ.(അച്ചടി) നമ്പർ 05/2018/കായുവ

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2014 ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ)നം.209/2016/കായുവ തീയതി 04.10.2016 പ്രകാരം കുമാരി.ചിന്താ ജെറോമിനെ യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കുകയും ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുമെന്ന് ഉത്തരവായിട്ടുള്ളതുമാണ്.

തുടർന്ന്, യുവജന കമ്മീഷൻ ചെയർപേഴ്സന് അഡ്വാൻസ് ശംബളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് 06.01.2017 ലെ സ.ഉ.(സാധാ) 3/2017/കായുവ പ്രകാരം ഉത്തരവാകുകയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ നിലവിലെ ചെയർപേഴ്സണായ കുമാരി.ചിന്താ ജെറോമിന് പ്രതിമാസം 50,000/- രൂപ അഡ്വാൻസ് ശംബളവും, ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ്സ് കേരള സർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത ദിനബത്ത എന്നിവയും, ഔദ്യോഗിക വാഹനത്തിനും സർക്കാർ ഗസ്റ്റ് ഹൌസ്/റസ്റ്റ് ഹൌസ് താമസത്തിനും തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/- നു മേൽ ശംബളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട്ടുവാടക ബത്തക്കും അനുമതി നൽകുകയുണ്ടായി.



Generated from eOffice by MANJUSHA P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

എന്നാൽ ഇപ്പോൾ 26.05.2018 ലെ സ.ഉ.(അച്ചടി) നമ്പർ 05/2018/കായുവ പ്രകാരം, ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുകയും, സിറ്റിംഗ് ഫീസ്, യാത്രാബത്ത, മറ്റ് ബത്തകൾ എന്നിവയ്ക്ക് ചെയർപേഴ്സനെ ഗ്രേഡ്-1 ഓഫീസർ ആയി പരിഗണിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

14.10.2016 മുതൽ ചുമതലയേറ്റെടുത്തിട്ടുള്ള നിലവിലെ ചെയർപേഴ്സൺ കുമാരി.ചിന്താ ജെറോമിന് 14.10.2016 മുതൽ 25.05.2018 വരെയുള്ള കാലയളവിലെ ശംബള കുടിശ്ശിക സംബന്ധിച്ച യാതൊരു പരാമർശവും ടി ഉത്തരവിൽ ഇല്ല. ആയതിനാൽ ടിയാളുടെ സേവനകാലം പരിഗണിച്ച് ടിയാൾ വാങ്ങിച്ചവരുന്ന അഡ്വാൻസ് ശംബളവും നിലവിൽ നിജപ്പെടുത്തിയ ശബളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

സെക്രട്ടറിയ്ക്കു വേണ്ടി
സീന.എ.എൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ - കുമാരി ചിന്താ ജെറോമിനെ ചെയർപേഴ്സണായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**കായിക യുവജനകാര്യ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.209/16/കായുവ.　　തിരുവനന്തപുരം, തീയതി .04.10.2016**

===

***<u>പരാമർശം</u>*** 1. സ.ഉ(സാധാ) നം. 134/13/കാ.യു.വ തീയതി 20.07.2013.

2. 26.09.2016 തീയതിയിലെ കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ നം.530/എ.3/2016/കേ.സം.യു.ക നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചെയർ പേഴ്സണായി അഡ്വ. ആർ.വി രാജേഷ് പരാമർശം 1 പ്രകാരം നിയമിതനാവുകയും, ടിയാൻ 2016 ആഗസ്റ്റ് മാസം 31 ന് രാജി സമർപ്പിച്ച് സേവനത്തിൽ നിന്നും വിരമിച്ച എന്നും കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, ഭരണ നിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായതിനാൽ അടിയന്തിരമായി പുതിയ കമ്മീഷൻ ചെയർപേഴ്സൺ നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

(2) മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുമാരി ചിന്താ ജറോംനെ (ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം) കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.പി.എം. മുഹമ്മദ് ഹനീഷ്
ഗവ. സെക്രട്ടറി

കുമാരി ചിന്താ ജറോം, ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം.
ഡയറക്ടർ,കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള യൂത്ത് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി ആർഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

**കേരള സർക്കാർ**

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന് അഡ്വാൻസ് ശമ്പളവും മറ്റാനുകൂല്യങ്ങളും അന്തിമ തീരുമാനത്തിന് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കായിക യുവജനകാര്യ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3/2017/കായുവ. തിരുവനന്തപുരം, തീയതി 06..01..2017**

***പരാമർശം*** 1. സ.ഉ(സാധാ) നം. 51/14/കാ.യു.വ തീയതി 04.03.2014;
2. സ.ഉ(സാധാ), നം.209/2016/കായുവ, തീയതി 04.10.2016.

## ഉത്തരവ്

കേരള സംസ്ഥാന യുവജന കമ്മീഷൻ മുൻ ചെയർമാൻ ശ്രീ. ആർ.വി.രാജേഷിന് 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) കൺസോളിഡേറ്റഡ് തുക പ്രതിമാസ ശമ്പളമായി അനുവദിച്ച് ഉത്തരവാകുകയും ടിയാന്റെ സേവന വേതന വ്യവസ്ഥകൾ പ്രത്യേകമായി പുറപ്പെടുവിക്കുമെന്ന് പരാമർശം 1 പ്രകാരം ഉത്തരവാകുകയുമുണ്ടായി.

2. പരാമർശം (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷനിൽ ശ്രീമതി. ചിന്താ ജെറോമിനെ നിയമിക്കുകയും ടി ഉത്തരവിൽ ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കും എന്നും പരാമർശിച്ചിരുന്നു.

03. മേൽ സാഹചര്യങ്ങൾ പരിഗണിച്ചും, കേരള സംസ്ഥാന യുവജനകമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ, നിലവിലെ ചെയർപേഴ്സനായ ശ്രീമതി. ചിന്താ ജെറോമിന് പ്രതിമാസം 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) അഡ്വാൻസ് ശമ്പളവും, ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരള സർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും, ഔദ്യോഗിക വാഹനത്തിനും സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും, തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/-നുമേൽ ശമ്പളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട്ടുവാടക ബത്തക്കും (2500 രൂപ) അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

4. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അധിക തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ചുപിടിക്കും എന്നും ഇതിനാൽ വ്യവസ്ഥ ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. ബി. അശോക് ഐ.എ.എസ്,**
**ഗവ. സെക്രട്ടറി.**

സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം
ശ്രീമതി. ചിന്താ ജെറോം, ചെയർപേഴ്സൺ, കേരള സംസ്ഥാന യുവജന കമ്മീഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, വികാസ്ഭവൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഫയൽ സഹിതം അന്തിമതീരുമാനത്തിനായി)
ഡയറക്ടർ, ഐ&പി ആർഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ


Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

**Note No. #1**

<u>കുറിപ്പുകൾ</u>

വിഷയം കായികയുവജനകാര്യവകുപ്പ് - കേരള സംസ്ഥാന യുവജനകമ്മീഷൻ ചെയർപേഴ്സണന്റെ - ശമ്പള കുടിശ്ശിക സംബന്ധിച്ച്

കേരള സംസ്ഥാന യുവജനകമ്മീഷൻ സെക്രട്ടറിയുടെ കത്ത് ന.ഫ. 1ാാം പുറത്ത് കണ്ടാലും. 2014 ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നം.209/2016/കായുവ തീയതി 04.10.2016 പ്രകാരം കുമാരി.ചിന്താജെറോമിനെ യുവജനകമ്മീഷൻ ചെയർപേഴ്സണായി നിയമിച്ചിരുന്നു. യുവജനകമ്മീഷൻ ചെയർപേഴ്സന് അഡ്വാൻസ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് 06.10.2017 സ.ഉ.(സാധാ) 3/2017/കായുവ പ്രകാരം ഉത്തരവാകുകയും സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച അന്തിമതീരുമാനം കൈക്കൊള്ളുന്നതുവരെ നിലവിലെ ചെയർപേഴ്സണായ കുമാരി ചിന്താജെറോമിന് പ്രതിമാസം 50,000/- രൂപ അഡ്വാൻസ് ശംമ്പളവും ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരള സർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത് ദിനബത്ത എന്നിവയും ഔദ്യോഗികവാഹനത്തിനും സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനുമായി പ്രതിമാസം 50,000/- നുമേൽ ശമ്പളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട്ടുവാടക ബത്തക്കും അനുമതി നൽകുകയുണ്ടായി. 26.05.2018 ലെ സ.ഉ. (അച്ചടി) നമ്പർ 5/2018/കായുവ പ്രകാരം ചെയർപേഴസ്സ്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുകയും സിറ്റിംഗ് ഫീസ്, യാത്രാബത്ത മറ്റ് ബത്തകൾ എന്നിവയ്ക്ക് ചെയർപേഴ്സനെ ഗ്രേഡ് 1 ഓഫീസർ ആയി പരിഗണിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 14.10.2016 മുതൽ ചുമതലയേറ്റെടുത്തിട്ടുള്ള നിലവിലെ ചെയർപേഴ്സൺ കുമാരി ചിന്താജെറോമിന് 14.10.2016 മുതൽ 25.05.2018 വരെയുള്ള കാലയളവിലെ ശംമ്പളകുടിശ്ശിക സംബന്ധിച്ച് യാതൊരു പരാമർശവും ടി ഉത്തരവിൽ ഇല്ലാത്തതിനാൽ ടിയാളുടെ സേവനകാലം പരിഗണിച്ച് ടിയാൾ വാങ്ങിച്ചുവരുന്ന അഡ്വാൻസ് ശംമ്പളവും നിലവിൽ നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ഫയൽ ധനകാര്യവകുപ്പിന് അയയ്ക്കാവുന്നതാണ്. ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു

**13/06/2018 12:12 PM**

**SREEJA**
**(ASST (B2) SYA)**

**Note No. #2**

മുൻ ഖണ്ഡികയിലെ കുറിപ്പുകൾ.26.05.2018 ലെ സ.ഉ(അച്ചടി )നം.05/2018 കാ.യു.വ പ്രകാരമാണ് യുവജനകമ്മീഷൻ ചട്ടങ്ങൾ നിലവിൽ വന്നത്. ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽക്കാണ് ആയതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശമ്പളത്തിന് അർഹത. നിലവിലെ കമ്മീഷൻ



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

ചെയർപേഴ്സൺ 14.10.2016 മുതൽക്കാണ് പുതുക്കിയ നിരക്കിലുള്ള ശമ്പളം ആവശ്യപ്പെടുന്നത്. 2013 ജൂലൈ മുതൽ 2016 ആഗസ്റ്റ് വരെ കമ്മീഷൻ ചെയർമാൻ സ്ഥാനം വഹിച്ചിരുന്ന ശ്രീ.ആർ.വി.രാജേഷ് ശമ്പള പുനർനിർണ്ണയത്തിനും പെൻഷൻ ആനുകൂല്യത്തിനുമായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽ കൂടി ആരായാവുന്നതാണ്.

**16/06/2018 3:56 PM**

**PADMAKUMARI.S**
**(SO (B) SYA)**

**Note No. #3**

ചട്ടങ്ങൾ ഫയലിൽ കാണുന്നില്ല. ആയതു കൂടി ചേർത്ത് സമർപ്പിക്കുക.

**16/06/2018 5:05 PM**

**MINIMOL T**
**(JS (B) SYA)**

**Note No. #4**

**18/06/2018 2:22 PM**

**PADMAKUMARI.S**
**(SO (B) SYA)**

**Note No. #5**

മുൻ ഖണ്ഡികകളിലെ കുറിപ്പുകൾ കണ്ടാലും. യുവജനകമ്മിഷൻ ചട്ടങ്ങൾ റഫറൻസിൽ ഉൾപ്പെടുത്തി ഫയൽ സമർപ്പിക്കുന്നു.

**18/06/2018 5:00 PM**

**SREEJA**
**(ASST (B2) SYA)**

**Note No. #6**

**18/06/2018 5:06 PM**

**PADMAKUMARI.S**
**(SO (B) SYA)**

**Note No. #7**



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Note 2- മേൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യവകുപ്പിലേക്ക അയക്കുന്നു.

**19/06/2018 12:10 PM**

**MINIMOL T**
**(JS (B) SYA)**

**Note No. #8**

**19/06/2018 12:38 PM**

**PADMAKUMARI.S**
**(SO (B) SYA)**

**Note No. #9**

**19/06/2018 2:16 PM**

**CRU.FIN**
**(OS(RMU,FIN))**

**Note No. #10**

**20/06/2018 11:50 AM**

**SREEKALA.P**
**(SO(EDN C, FIN))**

**Note No. #11**

**20/06/2018 11:58 AM**

**SHINI RAJAN**
**(SO(EDN B, FIN))**



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

V. G. MANAMOHAN
PRIVATE SECRETARY TO
MINISTER FOR FINANCE & COIR
KERALA

Government Secretariat
Thiruvananthapuram-01
Phone Office : 0471-2518011
0471-2333294
Mobile : 9447096115
9496000707
E-mail : vgmanamohan@gmail.com

Date 27/10/2018

PS/FC/227/2018

## Note

Hon`ble Minister for Finance and Coir desires to see the File No. E-869230 – KSYC – Chairperson`s Salary – reg.

Kindly arrange to process and circulate the file urgently.

**VG Manamohan**

**Principal Secretary**
Finance



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

**KERALA STATE YOUTH COMMISSION**
Vikas Bhavan, Thiruvananthapuram-695 033
Phone-Office : 0471-2308630

Dated...............................

***CHINTHA JEROME***
Chairperson
Mob : 9495673704

നമ്പർ . 698/എ1/2018/കേ.സം.യു.ക. തീയതി : 18-08-2022

**ശ്രീ.ഷൈജൻ ഡി**
**പ്രൈവറ്റ് സെക്രട്ടറി**
**ധനകാര്യ വകുപ്പ്**

സർ,

വിഷയം : കേരള സംസ്ഥാന യുവജന കമ്മീഷൻ – ചെയർപേഴ്സന്റെ ശമ്പള കടിശ്ശിക അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. 04/10/2016 ലെ സ.ഉ.(സാധാ) നമ്പർ 209/2016/കായുവ ഉത്തരവ്.
2. 04/03/2013 ലെ സ.ഉ.(സാധാ) നമ്പർ 51/14/കായുവ ഉത്തരവ്
3. 06/01/2017 ലെ സ.ഉ.(സാധാ) നമ്പർ 3/2017/കായുവ ഉത്തരവ്.
4. 26/05/2018 ലെ സ.ഉ.(അച്ചടി) നമ്പർ 05/2018/കായുവ നമ്പർ ചട്ടം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുമാരി.ചിന്താ ജെറോം എന്ന എന്നെ സൂചന (1) ഉത്തരവ് പ്രകാരം 14/10/2016 തീയതിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കുകയും, ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് മുമ്പ് കമ്മീഷനിൽ ഒരാൾ മാത്രമാണ് ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുള്ളത്. അദ്ദേഹത്തിന് സൂചന (2) ഉത്തരവ് പ്രകാരം 50,000/- രൂപ കൺസോളിഡേറ്റഡ് തുക ആയി നിശ്ചയിച്ചിരുന്നു. എന്നാൽ ഞാൻ നിയമിതയായി 3 മാസം പിന്നിട്ടിട്ടും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറപ്പെടുവിക്കപ്പെട്ടിട്ടില്ല. തുടർന്ന് കായിക യുവജന കാര്യ വകുപ്പ് സെക്രട്ടറി സൂചന (3) പ്രകാരം അഡ്വാൻസായി 50,000/- രൂപ കൈപ്പറ്റാമെന്നും, തുടർന്ന് സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്ന മുറയ്ക്ക് അത് ക്രമീകരിക്കാമെന്നും ഉത്തരവ് നൽകിയിട്ടുള്ളതാണ്. അഡ്വാൻസ് ശമ്പളമായി 50,000/- രൂപ കൈപ്പറ്റി വരികെ സൂചന (4) പ്രകാരം കമ്മീഷൻ ചട്ടങ്ങൾ 26/05/2018 ൽ നിലവിൽ വന്നു. ടി ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1,00,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളത്. ടി ചട്ടങ്ങൾ രൂപപ്പെട്ട് വരുന്നതു വരെ യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം നിശ്ചയിച്ച് കൊണ്ട് യാതൊരു



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല. ടി കാലയളവിൽ സൂചന (2) ഉത്തരവ് പ്രകാരമുള്ള അഡ്വാൻസ് തുക മാത്രമാണ് കൈപ്പറ്റിയത്. ടി കാലയളവിലെ തുക ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയപ്പോൾ ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ കുടിശ്ശിക നൽകാൻ കഴിയില്ല എന്ന മറുപടിയാണ് ലഭ്യമായത്. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സണായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവത്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ്. ആയതിനാൽ 14/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും, നിജപ്പെടുത്തിയ ചട്ടങ്ങളിലെ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

ചെയർപേഴ്സൺ



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

**KERALA STATE YOUTH COMMISSION**
Vikas Bhavan, Thiruvananthapuram-695 033
Phone-Office : 0471-2308630

Dated.................................

***CHINTHA JEROME***
Chairperson
Mob : 9495673704

JS Spl

I think there is a proposal to give retrospective effect to the rules and the file is being processed in consultation with law. If that be the case chairperson would be entitled to the honorarium as stipulated in the rules and the issue raised would be over. Pls check this. If indeed this is the position, then consult the Sub/tn time period which has elapsed. It is only fair that the amt. entitled to chairperson is disbursed without further delay. If reqd. consult Finance and/or issue the orders in a couple of weeks if possi. before Onam

SO(B)
Put up urgently
22/8

നമ്പർ . 698/എ1/2018/കേ.സം.യു.ക. തീയതി : 18-08-2022

ശ്രീ.എം.ശിവശങ്കർ, IAS
പ്രിൻസിപ്പൽ സെക്രട്ടറി
കായിക യുവജനകാര്യ വകുപ്പ്

സർ,

വിഷയം : കേരള സംസ്ഥാന യുവജന കമ്മീഷൻ – ചെയർപേഴ്സന്റെ ശമ്പള കടിശ്ശിക അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. 04/10/2016 ലെ സ.ഉ.(സാധാ) നമ്പർ 209/2016/കായുവ ഉത്തരവ്.
2. 04/03/2013 ലെ സ.ഉ.(സാധാ) നമ്പർ 51/14/കായുവ ഉത്തരവ്
3. 06/01/2017 ലെ സ.ഉ.(സാധാ) നമ്പർ 3/2017/കായുവ ഉത്തരവ്.
4. 26/05/2018 ലെ സ.ഉ.(അച്ചടി) നമ്പർ 05/2018/കായുവ നമ്പർ ചട്ടം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കുമാരി.ചിന്താ ജെറോം എന്ന എന്നെ സൂചന (1) ഉത്തരവ് പ്രകാരം 14/10/2016 തീയതിയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കുകയും, ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് മുമ്പ് കമ്മീഷനിൽ ഒരാൾ മാത്രമാണ് ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുള്ളത്. അദ്ദേഹത്തിന് സൂചന (2) ഉത്തരവ് പ്രകാരം 50,000/- രൂപ കൺസോളിഡേറ്റഡ് തുക ആയി നിശ്ചയിച്ചിരുന്നു. എന്നാൽ ഞാൻ നിയമിതയായി 3 മാസം പിന്നിട്ടിട്ടും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവുകൾ ഒന്നും പുറപ്പെടുവിക്കപ്പെട്ടിട്ടില്ല. തുടർന്ന് കായിക യുവജന കാര്യ വകുപ്പ് സെക്രട്ടറി സൂചന (3) പ്രകാരം അഡ്വാൻസായി 50,000/- രൂപ കൈപ്പറ്റാമെന്നും, തുടർന്ന് സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്ന മുറയ്ക്ക് അത് ക്രമീകരിക്കാമെന്നും ഉത്തരവ് നൽകിയിട്ടുള്ളതാണ്. അഡ്വാൻസ് ശമ്പളമായി 50,000/- രൂപ കൈപ്പറ്റി വരികെ സൂചന (4) പ്രകാരം കമ്മീഷൻ ചട്ടങ്ങൾ 26/05/2018 ൽ നിലവിൽ വന്നു. ടി ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1,00,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളത്. ടി ചട്ടങ്ങൾ രൂപപ്പെട്ട് വരുന്നതു വരെ യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം നിശ്ചയിച്ച് കൊണ്ട് യാതൊരു

4
22/08



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല. ടി കാലയളവിൽ സൂചന (2) ഉത്തരവ് പ്രകാരമുള്ള അഡ്വാൻസ് തുക മാത്രമാണ് കൈപ്പറ്റിയത്. ടി കാലയളവിലെ തുക ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയപ്പോൾ ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ കടിശ്ശിക നൽകാൻ കഴിയില്ല എന്ന മറുപടിയാണ് ലഭ്യമായത്. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവ് ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സണായി നിയമിതയായതു മുതൽ ചട്ടങ്ങൾ രൂപവത്കരിക്കപ്പെട്ട കാലയളവു വരെ കൈപ്പറ്റിയ ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണ്. ആയതിനാൽ 14/10/2016 മുതൽ 25/05/2018 വരെയുള്ള കാലയളവിൽ അഡ്വാൻസായി കൈപ്പറ്റിയ തുകയും, നിജപ്പെടുത്തിയ ചട്ടങ്ങളിലെ ശമ്പളവും തമ്മിലുള്ള കടിശ്ശിക അനുവദിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

ചെയർപേഴ്സൺ



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

## കേരള സർക്കാർ

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന് അഡ്വാൻസ് ശമ്പളവും മറ്റാനുകൂല്യങ്ങളും അന്തിമ തീരുമാനത്തിനു വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

### കായിക യുവജനകാര്യ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.3/2017/കായുവ.** **തിരുവനന്തപുരം, തീയതി 06..01..2017**

***പരാമർശം*** 1. സ.ഉ(സാധാ) നം. 51/14/കാ.യു.വ തീയതി 04.03.2014.
2. സ.ഉ(സാധാ) നം.209/2016/കായുവ തീയതി 04.10.2016.

### ഉത്തരവ്

കേരള സംസ്ഥാന യുവജന കമ്മീഷൻ മുൻ ചെയർമാൻ ശ്രീ. ആർ.വി.രാജേഷിന് 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) കൺസോളിഡേറ്റഡ് തുക പ്രതിമാസ ശമ്പളമായി അനുവദിച്ച് ഉത്തരവാകുകയും ടിയാന്റെ സേവന വേതന വ്യവസ്ഥകൾ പ്രത്യേകമായി പുറപ്പെടുവിക്കുമെന്ന് പരാമർശം 1 പ്രകാരം ഉത്തരവാകുകയുമുണ്ടായി.

2. പരാമർശം (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷനിൽ ശ്രീമതി. ചിന്താ ജെറോമിനെ നിയമിക്കുകയും ടി ഉത്തരവിൽ ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കും എന്നും പരാമർശിച്ചിരുന്നു.

03. മേൽ സാഹചര്യങ്ങൾ പരിഗണിച്ചും, കേരള സംസ്ഥാന യുവജനകമ്മീഷൻ ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ, നിലവിലെ ചെയർപേഴ്സനായ ശ്രീമതി. ചിന്താ ജെറോമിന് പ്രതിമാസം 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) അഡ്വാൻസ് ശമ്പളവും, ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരള സർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും, ഔദ്യോഗിക വാഹനത്തിനും സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും, തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/-നുമേൽ ശമ്പളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട്ടുവാടക ബത്തക്കും, (2500 രൂപ) അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

4. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അധിക തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരിച്ചുപിടിക്കും എന്നും ഇതിനാൽ വ്യവസ്ഥ ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. ബി. അശോക് ഐ.എ.എസ്.**
**ഗവ. സെക്രട്ടറി.**

സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം
ശ്രീമതി. ചിന്താ ജെറോം, ചെയർപേഴ്സൺ, കേരള സംസ്ഥാന യുവജന കമ്മീഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
സബ്ട്രഷറി ഓഫീസർ, വികാസ്ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഫയൽ സഹിതം അന്തിമതീരുമാനത്തിനായി)
ഡയറക്ടർ, ഐ&പി ആർഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

കേരള സർക്കാർ

## സംഗ്രഹം

കായിക യുവജനകാര്യ (ബി) വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന് കൺസോളിഡേറ്റഡ് ഇക പ്രതിമാസ ശമ്പളമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കായിക യുവജനകാര്യ (ബി) വകുപ്പ്

സ.ഉ(സാധാ) നം. 51/14/കാ.യു.വ തീയതി, തിരുവനന്തപുരം, 04.03.14

പരാമർശം: 1. 20.07.13 ലെ സ.ഉ(സാധാ) നം. 134/13/കാ.യു.വ
2. 13.09.13 ലെ സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ 18/പിഎ/2013-14/ കെ.എസ്.വൈ.സി.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം അഡ്വ. ആർ.വി. രാജേഷിനെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സനായി നിയമിച്ചിട്ടുണ്ട്. നിയമനത്തിന്റെ സേവന വേതന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുമെന്ന് പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരുന്നു.

ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നതിനാൽ ചെയർപേഴ്സന് ശമ്പളവും ബത്തകളും താൽക്കാലികമായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് യുവജന കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന് താൽക്കാലികമായി 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ നിരക്കിൽ ഒരു കൺസോളിഡേറ്റഡ് ഇക പ്രതിമാസ ശമ്പളമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. രാധാകൃഷ്ണൻ**
അണ്ടർ സെക്രട്ടറി

സെക്രട്ടറി, യുവജന കമ്മീഷൻ, തിരുവനന്തപുരം.
ചെയർപേഴ്സൻ, യുവജന കമ്മീഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ & ഇ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം.
ധനകാര്യ വകുപ്പ് ( അനൌദ്യോഗിക കുറിപ്പ് നം.89340/എഡ്യു.ബി2/14/ധന പ്രകാരം)
സ്റ്റോക്ക്ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

കേരള സർക്കാർ

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ - കുമാരി ചിന്താ ജെറോമിനെ ചെയർപേഴ്സണായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കായിക യുവജനകാര്യ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.209/16/കായുവ. തിരുവനന്തപുരം, തീയതി .04.10.2016**

---

***പരാമർശം*** 1. സ.ഉ(സാധാ) നം. 134/13/കാ.യു.വ തീയതി 20.07.2013

2. 26.09.2016 തീയതിയിലെ കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ നം.530/എ 3/2016/കേ.സം.യു.ക നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചെയർ പേഴ്സണായി അഡ്വ. ആർ.വി രാജേഷ് പരാമർശം 1 പ്രകാരം നിയമിതനാവുകയും, ടിയാൻ 2016 ആഗസ്റ്റ് മാസം 31 ന് രാജി സമർപ്പിച്ച് സേവനത്തിൽ നിന്നും വിരമിച്ച എന്നും കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, ഭരണ നിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായതിനാൽ അടിയന്തിരമായി പുതിയ കമ്മീഷൻ ചെയർപേഴ്സൺ നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

(2) മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുമാരി ചിന്താ ജറോംനെ (ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം) കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.പി.എം. മുഹമ്മദ് ഹനീഷ്
ഗവ. സെക്രട്ടറി

കുമാരി. ചിന്താ ജറോം, ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം
ഡയറക്ടർ,കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള യൂത്ത് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി ആർഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വ്യവസായവും കായിക യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കായിക യുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2018 മേയ് 28<br>28th May 2018<br>1193 ഇടവം 14<br>14th Idavam 1193<br>1940 ജ്യേഷ്ഠം 7<br>7th Jyaishta 1940 | നമ്പർ<br>No. 1391 |

## കേരള സർക്കാർ

### കായിക യുവജനകാര്യ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 5/2018/കാ.യു.വ. *തിരുവനന്തപുരം, 2018 മേയ് 26 / 1193 ഇടവം 12.*

**എസ്. ആർ. ഒ. നമ്പർ 327/2018.**—2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിലെ (2014-ലെ 6) 18-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/2038/2018/S-11.



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Scanned by CamScanner

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റ് (2014-ലെ 6) എന്നർത്ഥമാകുന്നു;

(ബി) "പരാതി" എന്നാൽ യുവജനങ്ങളുടെ അവകാശങ്ങളുടെയോ അവർക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സംരക്ഷണ വ്യവസ്ഥകളുടെയോ നിഷേധത്തിനെതിരെയുള്ളതും യുവാക്കളിൽനിന്നോ യുവാക്കൾക്കുവേണ്ടി മറ്റേതെങ്കിലും വ്യക്തി അല്ലെങ്കിൽ സംഘടന മുഖേനയോ, നേരിട്ട് അല്ലെങ്കിൽ തപാൽ/ഫാക്സ്/ഇ-മെയിൽ/മറ്റേതെങ്കിലും മാധ്യമം മുഖേന കമ്മീഷനിൽ ലഭിക്കുന്ന എല്ലാ പരാതികളും നിവേദനങ്ങളും എന്നർത്ഥമാകുന്നു;

(സി) "സെക്രട്ടറി" എന്നാൽ കേരള സംസ്ഥാന യുവജന കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

3. ആസ്ഥാനം.—കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.—സെക്രട്ടറിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ആക്റ്റിലെ 9-ഉം 10-ഉം വകുപ്പുകൾ പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനുമായി കമ്മീഷൻ കൈക്കൊള്ളുന്ന ഏതൊരു തീരുമാനവും നടപ്പിലാക്കുക;

(ബി) ആക്റ്റിലെ 4-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം കമ്മീഷന്റെ ശരിയായ ഭരണ നിർവ്വഹണത്തിനും ദൈനംദിന കാര്യങ്ങളുടെ നടത്തിപ്പിനും ആവശ്യമായ അധികാരങ്ങൾ വിനിയോഗിക്കുക;

(സി) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് കമ്മീഷന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും ബന്ധപ്പെട്ട എല്ലാവർക്കും യോഗത്തിന്റെ നോട്ടീസുകൾ യഥാസമയം ലഭ്യമാക്കുകയും ചെയ്യുക;

(ഡി) കമ്മീഷന്റെ യോഗത്തിന്റെ ക്വാറം ഉറപ്പുവരുത്തുക;



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Scanned by CamScanner

Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

(ഇ) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് കമ്മീഷന്റെ യോഗത്തിന്റെ അജണ്ട തയ്യാറാക്കുക;

(എഫ്) യോഗത്തിന്റെ അജണ്ടയിലെ ഇനങ്ങളുമായി ബന്ധപ്പെട്ട പ്രസക്തമായ രേഖകൾ, ആവശ്യമെങ്കിൽ, കമ്മീഷന് ലഭ്യമാക്കുക;

(ജി) യോഗത്തിന്റെ മുന്നോടിയായി അംഗങ്ങൾക്ക് അജണ്ട ചംക്രമണം ചെയ്ത് ആയത് ലഭിച്ചതായി ഉറപ്പുവരുത്തുക;

(എച്ച്) കമ്മീഷന്റെ യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ തയ്യാറാക്കുകയും യോഗതീരുമാനങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും, യോഗതീരുമാനങ്ങളുടെ നടപടിറിപ്പോർട്ട് കമ്മീഷന്റെ തുടർസമ്മേളനങ്ങളിൽ സമർപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക;

(ഐ) കമ്മീഷന്റെ പ്രവർത്തനത്തിന്റെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക;

(ജെ) ഗ്രാന്റ് അനുവദിക്കൽ, തസ്തിക സൃഷ്ടിക്കൽ, ശമ്പള പരിഷ്കരണം, വാഹനങ്ങൾ ലഭ്യമാക്കൽ, വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കൽ, ധനവിനിയോഗം, മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കുമുള്ള യാത്രകൾക്കുള്ള അനുമതി, കൂടാതെ സർക്കാർ അനുമതി ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന മറ്റ് വിഷയങ്ങൾ എന്നിവ കമ്മീഷന്റെ അംഗീകാരത്തോടുകൂടി സർക്കാരിന് സമർപ്പിക്കുക;

(കെ) കമ്മീഷന്റെ പേരിൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ വിനിയോഗിക്കുക.

5. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും മറ്റ് ബത്തകളും.—ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുന്നു. സിറ്റിംഗ് ഫീ, യാത്രാബത്ത, മറ്റ് ബത്തകൾ എന്നിവയ്ക്കായി ചെയർപേഴ്സനെ ഗ്രേഡ് 1/ ക്ലാസ് 1 ആയി പരിഗണിക്കേണ്ടതാണ്:

എന്നാൽ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് ബത്തകളും സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നപ്രകാരം പുതുക്കി നിശ്ചയിക്കാവുന്നതാണ്.

കമ്മീഷൻ അംഗങ്ങൾക്ക് 15,000 രൂപ ഓണറേറിയവും 400 രൂപ സിറ്റിംഗ് ഫീസും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള യാത്രാബത്തയും അനുവദിക്കാവുന്നതാണ്.

6. കമ്മീഷന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ.—(1) കമ്മീഷന്റെ സാധാരണ യോഗങ്ങൾ മാസത്തിലൊരിക്കലെങ്കിലും കമ്മീഷന്റെ ആസ്ഥാനത്തുവച്ച് കൂടേണ്ടതാണ്:


Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM
Scanned by CamScanner

എന്നാൽ കമ്മീഷന്റെ രണ്ട് യോഗങ്ങളുടെ ഇടവേള മൂന്ന് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല. ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്നപക്ഷം, കമ്മീഷന്റെ യോഗമോ സിറ്റിംഗുകളോ സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിൽവച്ചും നടത്താവുന്നതാണ്.

(2) പൊതു താൽപ്പര്യാർത്ഥമോ പ്രത്യേക കേസുകളുടെ അടിയന്തര സാഹചര്യം കണക്കിലെടുത്തോ ചെയർപേഴ്സന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷന് ജില്ലാ ആസ്ഥാനങ്ങളിലോ സംസ്ഥാനത്തിനുള്ളിലെ മറ്റ് സ്ഥലങ്ങളിലോ ക്യാമ്പ് സിറ്റിംഗുകൾ നടത്താവുന്നതാണ്.

(3) അടിയന്തര പ്രാധാന്യമുള്ള ഒരു പ്രത്യേക വിഷയം പരിഗണിക്കുന്നതിന് ചെയർപേഴ്സണ് സ്വമേധയായോ, ഏതെങ്കിലും അംഗത്തിന്റെ ആവശ്യപ്രകാരമോ സംസ്ഥാനത്ത് സൗകര്യപ്രദമായ സ്ഥലത്ത് വച്ച് പ്രത്യേക യോഗം കുടാവുന്നതാണ്.

(4) (1), (2), (3) എന്നീ ഉപചട്ടങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഭൂരിപക്ഷം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ കമ്മീഷന്റെ ഒരു അസാധാരണ യോഗം സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണ്.

(5) പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനായും കമ്മീഷൻ നിശ്ചിത ഇടവേളകളിൽ യോഗം ചേരേണ്ടതാണ്.

(6) ചെയർപേഴ്സന്റെ മുൻകൂർ അനുമതിയോടെ കമ്മീഷൻ ഒന്നായോ, ചില അംഗങ്ങൾ മാത്രമായോ, കമ്മീഷന്റെ കാര്യനിർവ്വഹണാർത്ഥം, ആസ്ഥാനത്തിന് പുറത്ത് എന്നാൽ സംസ്ഥാനത്തിനകത്ത് യോഗം ചേരാവുന്നതാണ്. ഇത്തരത്തിലുള്ള യോഗങ്ങളിലും അന്വേഷണങ്ങളിലും പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(7) കമ്മീഷന്റെ യോഗത്തിൽ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(8) കമ്മീഷന്റെ യോഗത്തിൽ ക്വാറം കമ്മീഷനിൽ നിയമിതരായ അംഗങ്ങളുടെ പകുതിയിൽ കുടുതലായിരിക്കുന്നതാണ്.

(9) കമ്മീഷന്റെ യോഗതീരുമാനങ്ങൾ ഭൂരിപക്ഷ വോട്ടുപ്രകാരം ആയിരിക്കേണ്ടതും വോട്ടുകൾ തുല്യമാകുന്ന സംഗതികളിൽ ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിനോ ഒരു കാസ്റ്റിംഗ് വോട്ട് വിനിയോഗിക്കാവുന്നതാണ്.


Scanned by CamScanner

(10) സെക്രട്ടറിയും ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന പ്രകാരമുള്ള മറ്റുദ്യോഗസ്ഥരും കമ്മീഷന്റെ യോഗത്തിൽ ഹാജരാകേണ്ടതാണ്.

(11) യോഗത്തിന്റെ സ്ഥലം, തീയതി, സമയം, അജണ്ട എന്നിവ അറിയിച്ചുകൊണ്ടുള്ള നോട്ടീസ് യോഗതീയതിക്ക് അഞ്ച് ദിവസമെങ്കിലും മുമ്പായി അംഗങ്ങൾക്ക് നൽകേണ്ടതാണ്:

എന്നാൽ ഏതെങ്കിലും കാര്യത്തിൽ കമ്മീഷന്റെ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ 24 മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി ഒരു അസാധാരണ യോഗം കുടാവുന്നതാണ്.

(12) യോഗനടപടിക്കുറിപ്പ് സെക്രട്ടറിയോ, ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ യോഗവേളയിൽ തയ്യാറാക്കേണ്ടതാണ്.

(13) കമ്മീഷന്റെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അംഗീകാരത്തിനായി ചെയർപേഴ്സന് സമർപ്പിക്കേണ്ടതും അംഗീകാരത്തിനു ശേഷം, എത്രയുംവേഗം, അടുത്ത യോഗത്തിനുമുൻപായി എല്ലാ' അംഗങ്ങൾക്കും നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.

(14) ഓരോ വിഷയത്തിലുമുള്ള കമ്മീഷന്റെ തീരുമാനങ്ങൾ അഭിപ്രായമെന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതും വിയോജന കുറിപ്പുകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, രേഖപ്പെടുത്തേണ്ടതുമാണ്. വ്യത്യസ്ത അഭിപ്രായമുള്ള സന്ദർഭങ്ങളിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

(15) കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ ചെയർപേഴ്സൺ അംഗീകരിക്കുന്നതുവരെ, പ്രത്യേകമായി നിർദ്ദേശിക്കപ്പെടാത്തപക്ഷം, സെക്രട്ടറി അതിന്മേൽ നടപടികളൊന്നും സ്വീകരിക്കാൻ പാടില്ലാത്തതാണ്.

(16) കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ സെക്രട്ടറി ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

(17) കമ്മീഷന്റെ യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ, തീരുമാനമെടുക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(18) തുടർനടപടികൾ ആവശ്യമില്ലാത്ത ഇനങ്ങളിലൊഴികെ, മുൻ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കി തുടർന്നുള്ള യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Scanned by CamScanner

7. പരാതി സമർപ്പിക്കുന്ന രീതി.—(1) കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന ഓരോ പരാതിയും മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതി നേരിട്ടോ, തപാൽ വഴിയോ, ഇലക്ട്രോണിക് മാധ്യമം മുഖേനയോ സമർപ്പിക്കേണ്ടതാണ്.

(2) എല്ലാ പരാതികളിലും വിഷയം സംബന്ധിച്ച വ്യക്തമായ വിവരങ്ങളും പരാതിക്കാരന്റെയും എതിർകക്ഷിയുടെയും പേരും മേൽവിലാസവും ഉണ്ടായിരിക്കേണ്ടതാണ്.

8. ഫീസ്.—പരാതി സമർപ്പിക്കുന്നതിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല.

9. ന്യൂനതയുള്ള പരാതികൾ.—താഴെപ്പറയുന്ന ഏതെങ്കിലും ന്യൂനതയുള്ള പരാതികൾ പ്രത്യക്ഷത്തിൽത്തന്നെ കമ്മീഷന് തള്ളിക്കളയാവുന്നതാണ്:

(എ) വായിക്കാൻ കഴിയാത്തവ;

(ബി) അവ്യക്തം, ഊമഹർജി, കപടനാമത്തിലുള്ളവ;

(സി) സിവിൽ തർക്കങ്ങളുമായി ബന്ധപ്പെട്ടവ;

(ഡി) കോടതികളുടെയോ ട്രൈബ്യൂണലുകളുടെയോ പരിഗണനയിലുള്ളവ;

(ഇ) ഒപ്പിടാത്തതോ, മറ്റ് രീതിയിൽ പ്രമാണീകരിക്കാത്തതോ ആയവ;

(എഫ്) പരാതിയിലെ വിഷയം കമ്മീഷന്റെ പരിധിക്ക് പുറത്തുള്ളവ;

(ജി) ചട്ടം 7-ൽ പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തവ.

10. പരാതി തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ.—കമ്മീഷന്, അതിന് യുക്തമെന്നുതോന്നുന്ന ഏതൊരു സമയത്തും,—

(എ) പരാതിക്കാരനിൽനിന്നും കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാവുന്നതും;

(ബി) പരാതിക്ക് ആധാരമായ വസ്തുതകൾ വ്യക്തമാക്കുന്ന സത്യവാങ്മൂലം സമർപ്പിക്കുന്നതിന് പരാതിക്കാരനോട് ആവശ്യപ്പെടാവുന്നതും;

(സി) പരാതിക്കാരനിൽനിന്നും രേഖാമൂലം സത്യപ്രസ്താവന ആവശ്യപ്പെടാവുന്നതും;

(ഡി) നോട്ടീസ് നൽകിയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ പരാതിക്കാരനിൽനിന്നും മൊഴി രേഖപ്പെടുത്താവുന്നതും;

(ഇ) കമ്മീഷന് ഉചിതമെന്ന് തോന്നുന്നപക്ഷം എതിർകക്ഷി ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവരിൽനിന്നും തുടർനടപടികൾക്കായി റിപ്പോർട്ടുകൾ ആവശ്യപ്പെടാവുന്നതും ആകുന്നു.


Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM
Scanned by CamScanner

11. കമ്മീഷന്റെ സിറ്റിംഗ്—(1) സെക്രട്ടറി ചെയർപേഴ്സണുമായി കൂടിയാലോചിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ കമ്മീഷന്റെ സിറ്റിംഗ് നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ഓരോ അംഗത്തിനും സിറ്റിംഗ് സംബന്ധിച്ച നോട്ടീസ് അഞ്ച് ദിവസം മുമ്പ് നൽകേണ്ടതാണ്. എന്നിരുന്നാലും, ചെയർപേഴ്സന്, അംഗങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂർ നോട്ടീസ് നൽകി, അസാധാരണ സിറ്റിംഗ് നടത്താവുന്നതാണ്.

12. കമ്മീഷനിൽ പ്രത്യേകം ക്ഷണിക്കപ്പെടുന്നവർക്കുള്ള ബത്ത.—ആക്റ്റിലെ 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം യോഗത്തിൽ പങ്കെടുക്കുന്ന പ്രത്യേകമായ അറിവുള്ള ക്ഷണിതാക്കൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പ്രതിഫലം നൽകാവുന്നതാണ്.

13. കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ.— (1) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ, അച്ചടക്ക നടപടികൾ എന്നിവ കേരള സർവ്വീസ് ചട്ടങ്ങളും, സർക്കാർ രൂപീകരിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ രൂപീകരിക്കുന്നതുമായ ബന്ധപ്പെട്ട മറ്റ് ചട്ടങ്ങളും പ്രകാരമായിരിക്കുന്നതാണ്.

(2) അർഹതയ്ക്കും കേരള സർവ്വീസ് ചട്ടങ്ങളിലെ നിബന്ധനകൾക്കും വിധേയമായി,—

(എ) ചെയർപേഴ്സന് അവധി അനുവദിക്കുന്നത് സർക്കാർ ആയിരിക്കുന്നതാണ്;

(ബി) അംഗങ്ങൾക്കും സെക്രട്ടറിക്കും അവധി അനുവദിക്കുന്നത് ചെയർപേഴ്സണായിരിക്കുന്നതാണ്;

(സി) കമ്മീഷനിലെ മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അവധി അനുവദിക്കുന്നത് സെക്രട്ടറിയായിരിക്കുന്നതാണ്.

14. സാമ്പത്തിക അധികാരങ്ങളുടെ നിയന്ത്രണം.—കമ്മീഷന്റെ എല്ലാ സാമ്പത്തിക അധികാരങ്ങളും പൊതു ധനകാര്യ ചട്ടങ്ങളും, സാമ്പത്തിക അധികാരങ്ങളുടെ വിനിയോഗവും, കാലാകാലങ്ങളിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കുന്നതാണ്.

15. വാർഷിക റിപ്പോർട്ട്.—ആക്ടിലെ 13-ഉം, 14-ഉം വകുപ്പുകൾപ്രകാരം കമ്മീഷൻ ശരിയായ കണക്കുകളും മറ്റ് പ്രസക്തരേഖകളും വച്ചുപോരേണ്ടതും ഓരോ വർഷവും ഏപ്രിൽ 1 മുതൽ അടുത്തവർഷം മാർച്ച് 31 വരെയുള്ള കാലയളവിനെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് എല്ലാ വർഷവും ആഗസ്റ്റ് 31-ാം തീയതിക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ് I, II, III എന്നീ നമ്പർ ഫാറങ്ങളിലും വാർഷിക റിപ്പോർട്ട് IV-ാം നമ്പർ ഫാറത്തിലും സമർപ്പിക്കേണ്ടതാണ്.



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM
Scanned by CamScanner

8

## ഫാറം I

[13-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

## കേരള സംസ്ഥാന യുവജന കമ്മീഷൻ
## തിരുവനന്തപുരം

31-3-........-ൽ അവസാനിച്ച വർഷത്തെ വരവ്-ചെലവ് കണക്കുകൾ

(Receipts and Payments Accounts)

| വരവ് | | തുക (രൂപയിൽ) |
|---|---|---|
| ഓപ്പണിംഗ് ബാലൻസ് | : | |
| കൈവശമുള്ള തുക | : | |
| വികാസ് ഭവൻ സബ്ട്രഷറിയിൽ റ്റി. എസ്. ബി. അക്കൗണ്ട് നമ്പർ 1 പ്രകാരമുള്ള തുക | : | |
| പദ്ധതിയിതരയിനത്തിൽ കേരള സർക്കാർ/ കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | : | |
| പദ്ധതിയിയിനത്തിൽ കേരള സർക്കാർ/ കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | : | |
| വിവരാവകാശ നിയമപ്രകാമുള്ള ഫീസ് | : | |
| പാഴ്വസ്തുക്കളുടെ ലേലത്തിൽ നിന്നുള്ള വരുമാനം/മറ്റ് സർക്കാർ/സർക്കാരിതര സംഘടനകൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവന/മറ്റിനങ്ങൾ | : | |
| ആകെ | : | |



Generated from eOffice by MANJUSHA.P.M, EDN B2, FIN, EDN B2, FIN, FIN on 01/04/2023 04:37 PM

Scanned by CamScanner

ചെലവ്

ജീവനക്കാരുടെ ശമ്പളം/അലവൻസ് :

ജീവനക്കാരുടെ ടി.എ./ഡി.എ. :

ചെയർമാന്റെ/അംഗങ്ങളുടെ ശമ്പളം/ അലവൻസ് :

ചെയർമാന്റെ/അംഗങ്ങളുടെ ടി.എ/ഡി.എ. :

ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് :

ചെയർമാന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് :

